"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിലെ സ്പാർക്കിൾ ടെക്നോളജി യൂണിറ്റ് നിർമ്മിക്കുന്ന ബൾബുകൾ ടെണ്ടർ കൂടാതെ വാങ്ങുന്നതിനും പ്രസ്തുത യൂണിറ്റിനെ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് വർക്കുകൾ ടെണ്ടർ കൂടാതെ ഏൽപ്പിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.648/2026/LSGD തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 1574/2025,തീയതി 24.06.2025
2. കുടുംബശ്രീ മിഷന്റെ 02.02.2026 -ലെ 6781/D/2018/KSHO` നമ്പർ കത്ത്
3. ബഹു. ത സ്വ ഭ വകുപ്പ് മന്ത്രി അധ്യക്ഷനായ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 23/02/2026-ലെ ഖണ്ഡിക 4.16 നമ്പർ തീരുമാനം

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റായ സ്പാർക്കിൾ ടെക്നോളജി LED ബൾബ് നിർമ്മിക്കുന്നതോടൊപ്പം സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് പ്രവൃത്തികളും നടത്തി വരുന്നുണ്ടെന്നും, ടി യൂണിറ്റ് നിർമ്മിക്കുന്ന LED ലൈറ്റിന്റെ ഗുണനിലവാരം തൃപ്തികരമാണെന്ന് തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് വിഭാഗം സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും, ഇതിന്റെ അടിസ്ഥാനത്തിൽ സ്പാർക്കിൾ ടെക്നോളജി എന്ന കുടുംബശ്രീ യൂണിറ്റ് ഉൽപാദിപ്പിക്കുന്ന LED ലൈറ്റുകൾ ടെണ്ടർ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാൻ അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഓഫീസർ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു.

2) ഇക്കാര്യം 23/2/2026 ൽ ചേർന്ന വകുപ്പിന്റെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും പരാമർശം (1) സർക്കാർ ഉത്തരവിൽ പ്രസ്താവിച്ചിട്ടുള്ള പ്രകാരം LED ലൈറ്റിന്റെ ഗുണനിലവാരം സംബന്ധിച്ച് ഓരോ രണ്ടു വർഷം കൂടുമ്പോഴും സർക്കാർ എഞ്ചിനിയറിംഗ് കോളേജിലെ ഇലക്ട്രിക്കൽ വിഭാഗത്തിന്റെയോ ഈ മേഖലയിൽ സാങ്കേതിക വൈദഗ്ധ്യമുള്ള മറ്റു സർക്കാർ സ്ഥാപനങ്ങളുടെയോ സാക്ഷ്യപത്രം വാങ്ങേണ്ടതാണെന്നുള്ള നിബന്ധനയോടെ സ്പാർക്കിൾ ടെക്നോളജി യൂണിറ്റ് നിർമ്മിക്കുന്ന LED ബൾബുകൾ ടെണ്ടർ കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാൻ അനുമതി നൽകി ഉത്തരവാകുന്നു. കൂടാതെ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് ലൈസൻസ് അടക്കമുള്ള

നിബന്ധനകളും സർക്കാർ നിർദ്ദേശിക്കുന്ന നിരക്കും ബാധകമാക്കണമെന്ന നിബന്ധനയോടെ തെരുവുവിളക്കുകളുടെ റിപ്പയറിംഗ് ഈ യൂണിറ്റിനെ ടെണ്ടർ കൂടാതെ ഏൽപ്പിക്കാനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ മിഷൻ , തിരുവനന്തപുരം
3) കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് , തിരുവനന്തപുരം
4) സെക്രട്ടറി, കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല
5) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
6) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
8) കരുതൽ ഫയൽ (ഡി.ബി3/96/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 10-03-2026 11:18:45